(ബി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ആദ്യമായി ലഭിച്ച നിവേദനം ഏതു തീയതിയ്ക്കായിരുന്നു;

(സി) അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ചു നിവേദനം ആദ്യമായി സർക്കാരിനു ലഭിച്ചത് 3-8-77-ൽ.

(സി) അൺട്രെയിൻഡ് അദ്ധ്യാപികയായി നിയമിക്കാനുള്ള വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തതിനാലും നിയമനത്തിനുമുമ്പ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും ''നോൺ അവൈലബിലിറ്റി'' സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സ്കൂൾ മാനേജറൻമാർ വാങ്ങിയിട്ടില്ലാത്തതിനാലും ശ്രീമതി ഇന്ദിരാഭായിയുടെ നിയമനം അംഗീകരിച്ചിട്ടില്ല. നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശമ്പളം നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല. ഈ വിവരത്തിന് 8-6-78 ൽ മറുപടിയും കൊടുത്തിട്ടുണ്ട്.

സർവ്വീസ് ബ്രേക്ക് കണ്ടോൺചെയ്തു കിട്ടണമെന്ന് നിവേദനം

* 1002 [1614] ശ്രീ. ചടയൻഗോവിന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നന്നിയൂരു നമ്പ്രമാപ്പിള എൽ. പി. സ്കൂളിൽ ജോലിചെയ്തു പെൻഷൻപറ്റി പിരിഞ്ഞ എം. വി. ഫാത്തുക്കുട്ടി എന്ന അദ്ധ്യാപകനിൽനിന്നും തന്റെ 5-1-49 മുതൽ 31-5-49 വരെയുള്ള കാലത്തെ സർവ്വീസ് ബ്രേക്ക് കണ്ടോൺചെയ്തു കിട്ടണമെന്ന് കാണിച്ച് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ, ബി) ഉണ്ട്. 5-1-49 മുതൽ 31-5-49 വരെയുള്ള ബ്രേക്ക് കണ്ടോൺചെയ്തു കിട്ടണമെന്നുള്ള അപേക്ഷ പരിശോധിക്കുകയും പ്രസ്തുത കാലയളവ് കണ്ടോൺ ചെയ്യാതെതന്നെ മുഴുവൻ പെൻഷനും ശ്രീ. ഫാത്തുക്കുട്ടി അർഹനാണെന്നും കണ്ടതിനാൽ, മേൽപ്പറഞ്ഞ കാലയളവ് കണ്ടോൺ ചെയ്യേണ്ട ആവശ്യമില്ല എന്നുള്ള വിവരം 2-4-1975-ൽ വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ശ്രീ. എം. വി. ഫാത്തുക്കുട്ടിയുടെ പെൻഷൻ രൂപ്തയും വേഗം അനുവദിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികളും സ്വീകരിക്കാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly